## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2473 — 19.12.2012-ലെ മറുപടിക്ക്

### ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് 2006

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ബി. സത്യൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കൾ വില്ക്കുന്നവരെല്ലാം അതിനായി ലൈസൻസ് എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുളളത് പാലിക്കപ്പെട്ടിട്ടുണ്ടോ; | എ) ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് (ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) റെഗുലേഷൻ 2011-ലെ റെഗുലേഷൻ 2.1.2(1) പ്രകാരം പുതിയ ലൈസൻസിലേക്ക് മാറുന്നതിന് 1 വർഷത്തെ കാലാവധി അനുവദിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ഈ കാലാവധി 2013 ഫെബ്രുവരി വരെ നീട്ടി കൊടുത്തിട്ടുണ്ട്. എല്ലാ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാരെയും നിയമപ്രകാരമുളള ലൈസൻസ് എടുപ്പിക്കുന്നതിനായുളള നടപടികൾ സ്വീകരിക്കുന്നതാണ് |
| ബി) ലൈസൻസില്ലാതെയും ശുചിത്വം പാലിക്കാതെയും നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഏതെങ്കിലും കേസ് കോടതിയിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ; | ബി) ലൈസൻസ് പുതുക്കുന്നതിന് കാലാവധി കഴിഞ്ഞിട്ടില്ലാത്തതിനാൽ കച്ചവടക്കാർക്കെതിരെ ക്രിമിനൽ കേസുകൾ എടുത്തിട്ടില്ല. പരിശോധനയിൽ ശുചിത്വം പാലിച്ചിട്ടില്ല എന്ന് കണ്ടെത്തിയ 696 സ്ഥാപനങ്ങൾക്കെതിരെ ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും 1289 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഫൈൻ ഈടാക്കുകയും ഇപ്രകാരം ₹18.48.000 രൂപ നവംബർ വരെ ഈടാക്കിയിട്ടുണ്ട്. |

| | |
|---|---|
| സി) ഇപ്പോഴും ഗുണനിലവാരം കുറഞ്ഞതും ഭക്ഷ്യയോഗ്യമല്ലാത്തതുമായ ആഹാര പദാർത്ഥങ്ങൾ വ്യാപകമായി ഹോട്ടലുകളിൽ വിളമ്പുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്ത് അടിയന്തര നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളിലും നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. നിലവാരം കുറഞ്ഞതും ഭക്ഷ്യ യേഗ്യമല്ലാത്തതുമായ ആഹാര പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്ന ഹോട്ടലുകൾ താല്ക്കാലികമായി അടപ്പിച്ച് ഭക്ഷ്യ സുരക്ഷാ നിയമത്തിൽ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചതിനു ശേഷം മാത്രമേ തുറന്നു പ്രവർത്തിക്കാൻ അനുവദിച്ചിട്ടുള്ളൂ. തുടർ പരിശോധനകളിൽ വീണ്ടും പാകപ്പിഴകൾ കണ്ടെത്തുന്നുവെങ്കിൽ അഡ്ജൂഡിക്കേഷന് വിടുകയോ ക്രിമിനൽ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ